# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6318** — **03.04.2018-ൽ മറുപടിയ്ക്ക്**

## പ്രാക്തന ഗോത്രവർഗ്ഗക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | അടിയാൻ, പണിയാൻ തുടങ്ങിയ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ സാമ്പത്തിക സാമൂഹ്യ പിന്നോക്കാവസ്ഥ മാറ്റുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | എ)<br>&<br>ബി) | 14-ാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ഭാഗമായി അടിയ, പണിയ, അരനാടൻ, ഹിൽപ്പുലയ, മലപണ്ടാരം തുടങ്ങിയ അഞ്ച് സമുദായക്കാരുടെ സമഗ്ര വികസനത്തിനായി 2013-14 സാമ്പത്തിക വർഷം 445.08 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ കേന്ദ്ര സർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽ തന്നെ സാമുദായികമായും, വിദ്യാഭ്യാസപരവുമായെല്ലാം തന്നെ ഏറ്റവും താഴെത്തട്ടിലുള്ള വിഭാഗമാണ് പണിയർ, അടിയാൻ, മലപണ്ടാരം, അരനാടൻ, ഹിൽപ്പുലയൻ തുടങ്ങിയ വിഭാഗക്കാർ. ടി വിഭാഗങ്ങളിൽ ഭൂരഹിതരായിട്ടുള്ളവരും ഏറെയാണ്. അടിയ, പണിയ തുടങ്ങിയ വിഭാഗക്കാരുടെ വരുമാന മാർഗ്ഗം കൂലിപ്പണിയും കാലി വളർത്തലുമാണ്. മുഖ്യധാരയിലേക്ക് വരുവാൻ വിമുഖത കാണിയ്ക്കുന്ന ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി വകുപ്പ് തലത്തിൽ ധാരാളം പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. വകുപ്പ് |
| ബി) | ഇവർ പൊതുസമൂഹവുമായി ഇഴുകിചേരുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | | |

| | | | |
|---|---|---|---|
| | | | വിഭാവനം ചെയ്യുന്ന എല്ലാ പദ്ധതികളിലും ടി വിഭാഗക്കാരെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകി വരുന്നുണ്ട്. ഇത് കൂടാതെ ടി വിഭാഗത്തിന്റെ ഉന്നമനം മാത്രം ലക്ഷ്യം വച്ച് അടിയ - പണിയ പാക്കേജ് പദ്ധതിയും കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി രണ്ട് ജോഡി യൂണിഫോം, ചെരുപ്പ്, ബാഗ്, കുട മുതലായ പഠനോപകരണങ്ങൾ സൗജന്യമായി നൽകി വരുന്നു. ദിവസങ്ങളോളം സ്കൂളിൽ എത്താത്ത കുട്ടികളെ കോളനികളിൽ പ്രൊമോട്ടർമാരും കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സും നേരിട്ട് എത്തി സ്കൂളിൽ എത്തിക്കാൻ പ്രയത്നിക്കാറുണ്ട്. മദ്യപാനം, ലഹരി ഉപയോഗം ഇവ ഒഴിവാക്കുന്നതിന് ശക്തമായ ബോധവൽക്കരണ ക്ലാസുകൾ നൽകി വരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം അടിയ - പണിയ,കാട്ടുനായ്ക്ക് വിഭാഗങ്ങളിലെ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനും, കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിനും മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിനും ഗോത്രബന്ധു പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഉൾവനങ്ങളിൽ താമസിക്കുന്നവർ പ്രധാനമായും അടിസ്ഥാന സൗകര്യങ്ങളും, റോഡ്, വാഹനം തുടങ്ങിയവയുടെ അഭാവം, വന്യമൃഗശല്യം എന്നീ പ്രശ്നങ്ങളും പൊതുവായി നേരിടേണ്ടി വരുന്നു ആയത് പരിഗണിച്ച് ടി വിഭാഗങ്ങൾക്ക് ഗതാഗത |

| | | | |
|---|---|---|---|
| | | | സൗകര്യം, വന്യമൃഗ ജീവികളിൽ നിന്നും സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനും വകുപ്പ് മുഖേനയും, ടി.ആർ.ഡി.എം മുഖേനയും നടപടികൾ സ്വീകരിച്ചു വരുന്നു. ഉൾക്കാട്ടുകളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള പുനരധിവാസ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ